**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 255** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ കോവിഡാനന്തര രോഗങ്ങൾ മൂലം മരിച്ചവരുടെ പട്ടികയിൽ ഉൾപ്പെടാത്തവരുടെ പേരുകൾ കണ്ടെത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോവിഡ് മൂലം സംസ്ഥാനത്ത് മരിച്ചവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് ഒരു ഡെത്ത് റിപ്പോർട്ടിംഗ് ആന്റ് ഓഡിറ്റിംഗ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2021 ജൂൺ 16 മുതൽ എല്ലാ കോവിഡ് മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സംസ്ഥാനത്തെ ആദ്യ കോവിഡ് മരണം മുതൽ നിലവിലെ തീയതി വരെയുള്ള എല്ലാ കോവിഡ് മരണങ്ങളുടെയും വിവരങ്ങൾ ഈ പോർട്ടലിൽ ലഭ്യമാണ്. കൂടാതെ, ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത കോവിഡ് മരണങ്ങൾ കണ്ടെത്താൻ ഇ-ഹെൽത്തിന്റെ ഡെത്ത് ഇൻഫർമേഷൻ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് -19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായ കോവിഡ് ഡെത്ത് അസേർട്ടണിംഗ് കമ്മിറ്റിയുടെ (CDAC) അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ അത്തരം മരണങ്ങൾ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | കോവിഡും കോവിഡാനന്തര രോഗങ്ങളും മൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ | (ബി) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അമ്പതിനായിരം രൂപ (50,000/-) |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; നാളിതുവരെ എത്രപേർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | എക്സ്ഗ്രേഷ്യാ ധനസഹായമായി അതത് ജില്ലാ കളക്ടർ മുഖാന്തിരം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 6611 കൊല്ലം - 4916 പത്തനംതിട്ട - 1721 ആലപ്പുഴ - 4138 കോട്ടയം - 2869 ഇടുക്കി - 1097 എറണാകുളം - 5247 തൃശ്ശൂർ - 5049 പാലക്കാട് - 4468 മലപ്പുറം - 4499 കോഴിക്കോട് - 4633 വയനാട് - 758 കണ്ണൂർ - 3887 കാസർഗോഡ് - 1215 ആകെ - 51108 |
| (സി) | കോവിഡ് നെഗറ്റീവ് ആയി മുപ്പത് ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങൾ കോവിഡ് മരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി എത്രപേരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ബഹു. സുപ്രീം കോടതിയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപ്പീലുകൾ പ്രകാരം 2022 ഫെബ്രുവരി 14 വരെ 24,474 പേരെ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021 ജൂൺ 18-ന് മുൻപ് അതായത് കോവിഡ് 19 ഡെത്ത് ഇൻഫർമേഷൻ സിസ്റ്റം പ്രവർത്തന ക്ഷമമായി മാറുന്നതിന് മുൻപ് സംഭവിച്ച ചില മരണങ്ങൾ അതാത് ആശുപത്രികൾക്ക് /ജില്ലകൾക്ക് രേഖകൾ യഥാസമയം അയയ്ക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള 3,779 മരണങ്ങൾ കൂടി പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചു വരികയാണ്. |
| (ഡി) | ബഹു.സുപ്രീം കോടതി ഉത്തരവ് പ്രകാരം ധനസഹായം വേഗത്തിൽ നൽകുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അമ്പതിനായിരം രൂപ (50,000/- ) എക്സ്ഗ്രേഷ്യാ ധനസഹായമായി അതത് ജില്ലാ കളക്ടർ മുഖാന്തിരം അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ബഹു. സുപ്രീം കോടതി ഉത്തരവു പ്രകാരം കോവിഡ് ധനസഹായം നൽകുന്നതിന് ഓൺലൈനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും അർഹരായ എല്ലാവർക്കും www.relief.kerala.gov.in എന്ന പോർട്ടലിലൂടെ കോവിഡ് മരണ ധനസഹായത്തിനുള്ള അപേക്ഷ വളരെ ലഘുരൂപത്തിൽ സമർപ്പിക്കാവുന്നതുമാണ്. ഓൺലൈനായി കോവിഡ് ധനസഹായത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് പുറമെ ഓഫ് ലൈനായും അപേക്ഷകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ കോവിഡ് മരണം സംഭവിച്ച ഭവനങ്ങൾ സന്ദർശിച്ച് കോവിഡ് |

| | | | |
|---|---|---|---|
| | | | ധനസഹായത്തിനുള്ള അപേക്ഷകൾ വാങ്ങുന്നതിനും അപ്രകാരം ധനസഹായം ലഭ്യമാക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കോവിഡ് എക്സ് ഗ്രേഷ്യ കൈപ്പറ്റുന്ന വിഷയത്തിൽ അവകാശികൾ തമ്മിൽ തർക്കമുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് അടുത്ത ബന്ധു (next kin) എന്നതിന് സ്പഷ്ടീകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വച്ച് മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ